# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1661.

08-06-2018 ൽ മറുപടിയ്ക്ക്

## തരിശുഭൂമി കൃഷിഭൂമിയാക്കാനായുള്ള നടപടികൾ

**ചോദ്യം**

ശ്രീ.പി.കെ. ശശി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് ആവശ്യമായ കാർഷികവിളകളായ നെല്ല്, പച്ചക്കറികൾ, നാണ്യവിളകൾ എന്നിവയുടെ 2015-16 കാലയളവിലെ ഉല്പാദനം എത്ര എന്നും നിലവിലേത് എത്ര എന്നും വ്യക്തമാക്കുമോ; | (എ) | 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ നെൽകൃഷി വിസ്തൃതിയും 549275 ടൺ അരി ഉല്പാദനവും ഉണ്ടായിരുന്നു. 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും അതിൽ നിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തു.5873 ദശലക്ഷം നാളികേരമായിരുന്നു 2015-16 ലെ ഉല്പാദനം.<br>2017-18 വർഷത്തെ നെൽകൃഷി വിസ്തൃതി 220449 ഹെക്ടറും ഉല്പാദനം 617260 ടൺ അരിയും ആയി വർദ്ധിച്ചു. 67858 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 10.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തു. |
| (ബി) | ഇവയുടെ സംസ്ഥാന ആവശ്യകത എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ; | (ബി) | പ്രതിദിനം ശരാശരി ഒരാൾക്ക് 485.4 ഗ്രാം ഭക്ഷ്യധാന്യം ആവശ്യമായിരിക്കെ സംസ്ഥാനത്തെ 3.34 കോടി പൗരന്മാർക്ക് (2011 ജനസംഖ്യാ സെൻസസ്) ഒരു വർഷത്തേക്ക് 59 ലക്ഷം ടൺ അരി ആവശ്യമാണെന്ന് കണക്കാക്കുന്നു.<br>നാഷണൽ സാമ്പിൾ സർവ്വേ കണക്ക് പ്രകാരം സംസ്ഥാനത്തെ പ്രതിദിന പച്ചക്കറി ആവശ്യകത 5504.1 ടൺ ആണ്. അതുപ്രകാരം സംസ്ഥാനത്തിന്റെ വാർഷിക പച്ചക്കറി ആവശ്യകത 20 ലക്ഷം ടൺ ആണെന്ന് കണക്കാക്കുന്നു.<br>നാണ്യവിളകളുടെ ആവശ്യകത സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. |

(സി) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ കാർഷിക മേഖലയിലുണ്ടായിരുന്ന തരിശുഭൂമി എത്രയായിരുന്നുവെന്ന് ജില്ലതിരിച്ചുള്ള വിവരവും അവയെ കൃഷിഭൂമിയാക്കുവാനായി ഈ സർക്കാർ കൈക്കൊണ്ട നടപടികളുടെ ഫലമായി എത്ര തരിശുഭൂമി കൃഷിഭൂമിയാക്കി എന്നുള്ള വിശദാംശവും ലഭ്യമാക്കുമോ;

(ഡി) തരിശുഭൂമി കൃഷിഭൂമിയാക്കാനായുള്ള കൃഷി വകുപ്പിന്റെ നടപടികളിൽ നാളിതുവരെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥ അഴിമതികൾ കണ്ടെത്തിയിട്ടുണ്ടോ എന്നും ആയതു പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

(സി) & (ഡി)

2015-16 വർഷത്തിൽ നിലവിലെ തരിശ് എന്ന വിഭാഗത്തിൽ 70003 ഹെക്ടറും വർഷങ്ങളായി തരിശായി കിടക്കുന്നത് എന്ന വിഭാഗത്തിൽ 55258 ഹെക്ടറും ഉണ്ടെന്നാണ് ഇക്കൊണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്ക്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | നിലവിലെ തരിശ് (ഹെക്ടർ) | വർഷങ്ങളായി തരിശായി കിടക്കുന്നത് (ഹെക്ടർ) |
|---|---|---|
| തിരുവനന്തപുരം | 2912 | 1072 |
| കൊല്ലം | 3255 | 1691 |
| പത്തനംതിട്ട | 4053 | 3165 |
| ആലപ്പുഴ | 3183 | 2494 |
| കോട്ടയം | 4765 | 2518 |
| ഇടുക്കി | 1884 | 1201 |
| എറണാകുളം | 10814 | 7907 |
| തൃശ്ശൂർ | 8081 | 6024 |
| പാലക്കാട് | 12237 | 16087 |
| മലപ്പുറം | 7589 | 5332 |
| കോഴിക്കോട് | 2000 | 1676 |
| വയനാട് | 2257 | 763 |
| കണ്ണൂർ | 4376 | 3168 |
| കാസർഗോഡ് | 2597 | 2160 |

ഈ സർക്കാർ കൈക്കൊണ്ട നടപടികളുടെ ഫലമായി രണ്ട് വർഷം കൊണ്ട് 8268.071 ഹെക്ടർ തരിശുഭൂമിയിൽ നെൽ കൃഷി ചെയ്യിക്കാനും, 1694.11 ഹെക്ടർ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യിക്കാനും സാധിച്ചു.

തരിശുഭൂമിയിൽ കൃഷി ചെയ്യുന്ന പ്രവർത്തികളിൽ അഴിമതി സംബന്ധിച്ച് ഉദ്യോഗസ്ഥർക്കെതിരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**